**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2036** **09-12-2022 - ൽ മറുപടിയ്ക്ക്**

**ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇത്തരം സ്കൂളുകളിൽ ലഭ്യമായിട്ടുള്ളത്; എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നിന്നും നൽകുന്നത്; സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ കാസർഗോഡ് ജില്ലയിൽ 6 പഞ്ചായത്തുകളിലായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ താഴെ പറയുന്ന ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1. തണൽ സ്പെഷ്യൽ ബഡ്സ് സ്കൂൾ, മുളിയാർ<br><br>2. മഹാത്മാ മോഡൽ ബഡ്സ് സ്കൂൾ, പുല്ലൂർ-പെരിയ<br><br>3. സ്നേഹ സ്പെഷ്യൽ ബഡ്സ് സ്കൂൾ, കാറഡുക്ക<br><br>4. സ്നേഹതീരം ബഡ്സ് സ്കൂൾ, കയ്യൂർ- ചീമേനി<br><br>5. MCRC ബഡ്സ് സ്കൂൾ, കുമ്പഡാജെ<br><br>6. MCRC ബഡ്സ് സ്കൂൾ, ബെള്ളൂർ<br><br>മേൽപറഞ്ഞ ബഡ്സ് സ്കൂളുകളിൽ ലഭ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സ്പെഷ്യൽ എഡ്യൂക്കേഷൻ, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, വൊക്കേഷണൽ ട്രെയിനിംഗ് (18 വയസ്സിന് മുകളിലുള്ള കുട്ടികൾക്കും രക്ഷകർത്താകൾക്കും) പഠനയാത്ര, ബോധവൽക്കരണ ക്ലാസുകൾ, സ്പെഷ്യൽ ഡേ സെലിബ്രേഷൻസ്, മാനസികോല്ലാസയാത്ര , പ്ലേസ്മെന്റ് (കുട്ടികൾക്കും രക്ഷകർത്താകൾക്കും) |

| | | | |
|---|---|---|---|
| | | | എന്നിവയുണ്ട്. കൂടാതെ ഗാർമെന്റ് മേക്കിംഗ് യൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ഇത്തരം സ്ഥാപനങ്ങളിൽ പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. സാധാരണ സ്കൂളുകളിൽ ഉൾപ്പെടുത്തി പരിശീലനം നൽകാൻ സാധിക്കാത്ത കുട്ടികൾക്ക് അനിവാര്യമായ പരിശീലനം, തെറാപ്പി (ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തുടങ്ങിയവ) എന്നിവ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (എം.സി.ആർ.സി) മുഖേന നൽകുന്നു. ഈ കുട്ടികളുടെ സമഗ്രമായ വികസനവും, വ്യതിഗതമായ പരിപാലനവും ഉദ്ദേശിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. എം.സി.ആർ.സി-കളിൽ നൽകുന്ന ട്രെയിനിംഗ് മൂലം ചില കുട്ടികളെ സാധാരണ സ്കൂളുകളിലേയ്ക്ക് മാറ്റാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരായവരും അപേക്ഷ നൽകി ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ എല്ലാവർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതരും, അപേക്ഷ നൽകി ലിസ്റ്റിൽ ഉൾപ്പെട്ടതും മരിച്ചതുമായ ആകെ 7171 പേർക്ക് (ലിസ്റ്റിൽ ഉൾപ്പെട്ടവർ- 6536, മരണപ്പെട്ടവരുടെ ലിസ്റ്റ്-635) 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വീതം 3,58,55,00,000/- രൂപ (മുന്നൂറ്റി അമ്പത്തിയെട്ട് കോടി അമ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. അവകാശത്തർക്കം മൂലം അപേക്ഷിക്കാൻ സാധിക്കാത്തവർക്കും നാളിതുവരെ കണ്ടെത്താൻ പറ്റാത്തതുമായ 94 പേർക്ക് ഇനി ധനസഹായം അനുവദിക്കാനുണ്ട് |

സെക്ഷൻ ഓഫീസർ